**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1514** **04-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് താലൂക്ക് പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടത്തിനായി പുതിയങ്ങാടി ദേശം TS No. 1-11-462 ൽ 16.5 സെന്റ് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി കണ്ടെത്തിയ ഭൂമി ആരുടെ ഉടമസ്ഥതയിലാണ്; | (ബി) | റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലാണ്. |
| (സി) | ഇത് സംബന്ധിച്ച ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ? | (സി) | പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിടത്തിനായി പുതിയങ്ങാടി ദേശം TS No. 1-11-462 ൽ കണ്ടെത്തിയിട്ടുള്ള 16.5 സെന്റ് പുറമ്പോക്ക് ഭൂമിയുടെ ലൊക്കേഷൻ സ്കെച്ച്, അടങ്കൽ പകർപ്പ്, സ്കെച്ച്, മഹസ്സർ എന്നിവ ചെക്ക് ലിസ്റ്റ് സഹിതം തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ